കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov

# കൊടകര ബ്ലോക്ക്പഞ്ചായത്ത്

2016-17

ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

email: dotsr. ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ. എസ്. എ. ടി. എസ്. ആർ (ബി.പി2)1068/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ - 680 020
ഫോൺ: 0487 2331249
Email: dotsr.ksad@kerala.gov.in
തീയതി: 11.07.2017

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ്/ സെക്രട്ടറി മുഖേന
കൊടകര ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കൊടകര ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

.......

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊടകര ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക്പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ബ്ലോക്ക്പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ.

പകർപ്പ്

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), തൃശ്ശൂർ
3)കാര്യാലയ പകർപ്പ്

നം.കെ. എസ്. എ. ടി. എസ്. ആർ (ബി.പി2)1068/2017 തിയ്യതി 11-7-2017

# തൃശ്ശൂർ ജില്ലയിലെ കൊടകര ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കൊടകര ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്തിന്റെ 04.04.2017 മുതൽ 24.06.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 31.3.17 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഇ.ആർ. ബാലകൃഷ്ണൻ<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 27.06.2017 മുതൽ 3.07.2017 വരെ |

ഓഡിറ്റ് നടത്തിയഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ.ശിവദാസൻ എ.കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.സിജു. പി.ഡാംസൺ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. ധന്യ. എ. സുരേന്ദ്രൻ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ്

| പേര് | കാലയളവ് |
|---|---|
| ശ്രീമതി .അമ്പിളി സോമൻ | 01.04.2016 മുതൽ<br>31.03.2017വരെ |

സെക്രട്ടറി

| പേര് | കാലയളവ് |
|---|---|
| ശ്രീ.സുരേഷ് ബാബു.പി.വി | 01-04-2016 മുതൽ<br>16.06.2016 വരെ |
| ശ്രീ.സിറിയക്.ടി.കുര്യാക്കോസ് | 17.06.2016 മുതൽ<br>10.11.2016 വരെ |
| ശ്രീ.പി.ജി കണ്ണൻ നായർ | 11.11.2016 മുതൽ<br>31.03.2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീമതി.ഗീതാകുമാരി.സി.എസ് | 01.04.16 മുതൽ<br>12.06.2016വരെ |
| | ശ്രീ.ജോജി പോൾ | 13.06.2016 മുതൽ<br>30.06.2016 വരെ |
| | ശ്രീമതി.ഗീതാകുമാരി.സി.എസ് | 01.07.2016 മുതൽ<br>03.01.2017 വരെ |

| | | |
|---|---|---|
| | ശ്രീ.ജോജി പോൾ | 04.01.2017മുതൽ 31.03.2017വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി.ലിസ്സ.ജെ.മങ്ങാട് | 01.04.16 മുതൽ 05.09.2016 വരെ |
| | ശ്രീ.സുജിത്.എസ് | 06.09.2016 മുതൽ 21.11.2016വരെ |
| | ശ്രീമതി.സീന എ.പി | 22.11.2016 മുതൽ 22.12.2016 വരെ |
| | ശ്രീ. ലാസർ .വി.എ | 23.12.2016 മുതൽ 31.03.2017 വരെ |
| ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. മൃദുല. കെ.എൻ | 01.04.16 മുതൽ 31.03.2017വരെ |
| ശിശു വികസന ഓഫീസർ | ശ്രീമതി.ദേവി.എൻ | 01.04.2016മുതൽ 31.03.2017വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ഫെമി.വി.മാത്യു | 01.04.2016 മുതൽ 04.03.2017വരെ |
| | ശ്രീമതി.സെറിൻ പി ജോർജ്ജ് | 05.03.2017 മുതൽ 31.03.2017വരെ |
| അസി.ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | ശ്രീമതി .ഷൈനി ജേക്കബ് | 01.04.2016 മുതൽ 31.03.2017വരെ |
| സൂപ്രണ്ട്, സി.എച്ച്.സി | ഡോ.കൃഷ്ണകുമാർ എം.പി | 01.04.2016 മുതൽ 29.06.2016 പൂർവ്വാഹ്നം വരെ |
| | ഡോ.ശിൽപ ബേബി | 29.06.2016 അപരാഹ്നം മുതൽ 05.09.2016വരെ |
| | ഡോ.എ.സി. സരള | 06.09.2016 മുതൽ 31.03.2017വരെ |

ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 8 | മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| | ഭാഗം 2 | |
| | ഇല്ല | |
| | ഭാഗം 3 | |
| 9 | ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയിട്ടില്ല | 3-1 |

| | | |
|---|---|---|
| 10 | പ്രോജക്റ്റ് എസ്.ഒ.021/17- മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്- രസീത്, വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു. | 3-2 |
| 11 | "ഓട്ടിസം പാർക്ക് " പ്രോജക്റ്റ് -ബ്ലോക്ക് പഞ്ചായത്തിന് കൈമാറി കിട്ടിയിട്ടില്ലാത്ത സ്ഥാപനത്തിനു വേണ്ടി പ്രോജക്റ്റ് -സർക്കാർ അനുമതി വാങ്ങണം | 3-3 |
| 12 | സി.ഡി.പി.ഒ - സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങളുടെ വില, സ്പെസിഫിക്കേഷൻ, വാങ്ങിയ ബിൽ നമ്പർ എന്നിവ രേഖപ്പെടുത്തുന്നില്ല. | 3-4 |
| 13 | ഡെപ്പോസിറ്റ് വർക്ക് - നിർവ്വഹണോദ്യോഗസ്ഥൻ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം ഭൂജലവകുപ്പിന് തുക കൈമാറി. 6,73,455 രൂപ തടസ്സപ്പെടുത്തുന്നു. | 3-5 |
| 14 | സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകൾ-കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല- 10,68,267 രൂപ തടസ്സപ്പെടുത്തുന്നു. | 3-6 |
| 15 | ഐ.എ.വൈ /പി.എം.എ.വൈ. ഭവന പദ്ധതി- നിലവിലെ സ്ഥിതി-അവലോകനം | 3-7 |
| 16 | സി.എച്ച്.സി മറ്റത്തൂർ, കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് പദ്ധതിപ്പണം കൈമാറി. മരുന്ന്, ഉപകരണങ്ങൾ എന്നിവ ലഭിച്ചിട്ടില്ല. | 3-8 |
| 17 | ഇ-ടെൻഡർ ഫോറം വില ലഭിച്ചിട്ടില്ല. | 3-9 |
| 18 | ഐക്കരകുന്ന് ലിഫ്റ്റ് ഇറിഗേഷൻ കരാർ ചമക്കാൻ വൈകി. നിയമാനുസൃതം പിഴ ഈടാക്കിയില്ല. ഗുണഭോക്തൃവിഹിതം കൈമാറിയതിന് ആധികാരികമായ രേഖകളില്ല. 56,000 രൂപയുടെ ചെലവ് നടപടി തടസ്സപ്പെടുത്തുന്നു. | 3-10 |
| 19 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ മെയിന്റനൻസ് – എസ്റ്റിമേറ്റ് റിപ്പോർട്ടിൽ അവ്യക്തത. ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയില്ല. 7,37,531 രൂപയുടെ ചെലവു നടപടി തടസ്സപ്പെടുത്തുന്നു. | 3-11 |
| 20 | എഞ്ചിനീയറിംഗ് വിഭാഗം പദ്ധതി നടത്തിപ്പിൽ ഗണ്യമായ കുറവ് | 3-12 |
| 21 | മുത്തുമല ലിഫ്റ്റ് ഇറിഗേഷനുമായി ബന്ധപ്പെട്ട പ്രധാന ഓഡിറ്റ് നിരീക്ഷണങ്ങൾതാഴെ ചേർക്കുന്നു. 41,346 രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. 2,84,603 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-13 |
| 22 | പുതുക്കാട് വാർഡ് 7 കുടിവെള്ള പദ്ധതി ഫിനാൻസ് ബിഡ് ഓപ്പണിംഗ് സമ്മറി ഹാജരാക്കേണ്ടതാണ്. | 3-14 |
| | ഭാഗം 4 | |
| 23 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. | 4-1 |
| 24 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 25 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 26 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 27 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |

| | | |
|---|---|---|
| 28 | ഓഡിറ്റ് റിക്കവറി | 4-6 |
| 29 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 30 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-8 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ഈ വർഷത്തെ ബജറ്റ് 4/3/2016 തിയ്യതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം ആകെ വരവ് 42,41,42,000/- രൂപയും ചെലവ് 42,37,60,000/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തിയ്യതി | ലഭിച്ച തിയ്യതി |
|---|---|
| 31/7/2017 | 19/6/2017 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം

ഓഡിറ്റിന് സമർപ്പിച്ച വാർഷിക കണക്കുകളിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ കാണുന്നു.

1. മാർച്ച് 2017 ലെ ബാങ്ക് റീ കൺസീലിയേഷൻ പത്രിക പ്രകാരം താഴെ ചേർത്തിരിക്കുന്ന അക്കൗണ്ടുകളിൽ നിന്നും നൽകിയിട്ടുള്ളതും നാളിതു വരെ പണമാക്കിയിട്ടില്ലാത്തതും കാലാവധി കഴിഞ്ഞതുമായ ചെക്കുകളുടെ തുക " Stale cheque liablity " എന്ന ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് അക്കൌണ്ട് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല.

| ക്രമ നം. | ബാങ്ക് | അക്കൗണ്ട് നമ്പർ | തുക |
|---|---|---|---|
| 1 | പഞ്ചാബ് നാഷണൽ ബാങ്ക് | 4341000100046085 | 5,653 |
| 2 | സ്പെഷൽ ടി.എസ്.ബി | 9 | 1,400 |

2. Income and Expenditure Account ന്റെ ഷെഡ്യൂൾ 1-6 (Revenue grants, contribution & Subsidies ) എന്ന റവന്യൂ ഗ്രാന്റ് ശീർഷകത്തിൽ ആകെ വരവ് 4,11,62,278 രൂപ യാണെന്നിരിക്കെ ഈയിനങ്ങളിലുള്ള ഏകദേശ ചെലവ് ഷെഡ്യൂൾ 1-14,1-14(a),(b),പ്രകാരം 5,66,34,690 രൂപയാണ്. ഏകദേശം 1.5 കോടി രൂപയുടെ വ്യത്യാസം റവന്യൂ ഗ്രാന്റ് വരവും, ചെലവും രേഖപ്പെടുത്തിയതിൽ പ്രഥമദൃഷ്ട്യാ പ്രകടമാണ്. ഇത് Income and Expenditure account, Balance sheet എന്നിവയുടെ കൃത്യതയെ ബാധിച്ചിട്ടുണ്ട്. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളിൽ നിന്നും ചെലവഴിച്ച തുകകൾ കൃത്യമായി റവന്യൂ, മൂലധന ചെലവുകളായി വേർതിരിക്കുകയും റവന്യൂ ചെലവുകൾക്ക് തത്തുല്യമായ തുക റവന്യൂ വരുമാനം ആയി Income and expenditure account ൽ ചേർക്കുകയും ചെയ്യാതിരുന്നതിനാലും, ആയതുകൊണ്ട് റവന്യൂ ചെലവുകൾ മാത്രം Income and Expenditure account ൽ ഉൾപ്പെടുത്തിയതിനാലുമാണ് ഇപ്രകാരം സംഭവിച്ചത്. തത്ഫലമായി Income and Expenditure അക്കൗണ്ട് പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 ലെ പ്രവർത്തനഫലം 2,10,57,068 രൂപ കമ്മിയും ഇതുമൂലം ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് 1.81 കോടി രൂപ നെഗറ്റീവ് ബാലൻസ് ആയി ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിരിക്കുന്നു. മേൽ കാരണങ്ങളാൽ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക കണക്കുകൾ സ്ഥാപനത്തിന്റെ കൃത്യമായ സാമ്പത്തിക നില പ്രതിഫലിപ്പിക്കുന്നു എന്ന് ഓഡിറ്റിൽ അഭിപ്രായപ്പെടുന്നില്ല.

3.നിർവ്വഹണ ഏജൻസിയിൽ നിന്നും ഫൈനൽ ബില്ല്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുന്നതിന് മുമ്പ് തന്നെ,ഡെപ്പോസിറ്റ് വർക്കുകൾക്ക് തുക നൽകുമ്പോൾ ചെലവ് രേഖപ്പെടുത്തുന്നു.(ഖണ്ഡിക 3-5 കാണുക)

4.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,47,52,663 |
| വരവ് | 8,85,02,619 |
| ആകെ | 12,32,55,282 |
| ചെലവ് | 7,63,57,840 |
| നീക്കിയിരിപ്പ് | 4,68,97,442 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | വരവ്(അലോട്ട്മെന്റ്) | ആകെ | ചെലവ് | ലാപ്സായ തുക | % |
|---|---|---|---|---|---|
| ജനറൽ | 3,38,20,548 | 3,38,20,548 | 2,34,79,102 | 1,03,41,446 | 69.42 |
| എസ്.സി.പി. | 1,43,99,919 | 1,43,99,919 | 92,13,788 | 51,86,131 | 63.98 |
| ടി.എസ്.പി. | 6,73,455 | 6,73,455 | 6,73,455 | 0 | 100 |
| മെയിന്റനൻസ് (റോഡിതരം) | 52,61,469 | 52,61,469 | 16,02,044 | 36,59,425 | 30.45 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് |
|---|---|---|---|---|---|
| അസിസ്റ്റന്റ് കൃഷി ഡയറക്ടർ | 2 | 2 | 78,21,922 | 55,03,886 | 70.37 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 43 | 11 | 2,85,40,494 | 55,38,287 | 19.41 |
| സി.ഡി.പി.ഒ | 7 | 5 | 60,70,372 | 32,30,240 | 53.22 |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 1 | 1 | 7,00,000 | 7,00,000 | 100 |
| മെഡിക്കൽ ഓഫീസർ | 3 | 3 | 32,80,883 | 31,43,396 | 95.81 |
| സെക്രട്ടറി | 15 | 13 | 2,88,99,135 | 1,71,99,135 | 59.51 |
| | 71 | 35 | 5,75,74,309 | 3,49,68,389 | 60.74 |

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പിലാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 71 | 35 | 33 | 3 | 49.3 |

## 1-7 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണം തൃപ്തികരമാണ്.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ കാലയളവ് | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.07.2016 മുതൽ 30.07.2016 വരെ | 2015-16 | 29/12/2016 |
| അക്കൗണ്ടന്റ് ജനലിന്റെ ഓഡിറ്റ് | 27.06.2012 മുതൽ 04.07.2012 വരെ | 2009-10 മുതൽ 2011-12 വരെ | 07/08/2012 |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയിട്ടില്ല

കൊടകര ബ്ലോക്ക് പഞ്ചായത്തിന്റെ KL45 5147 എന്ന വാഹനത്തിന്റെ 1-4-2016 മുതൽ 31-3-2017 വരെയുള്ള ലോഗ് ബുക്ക് പരിശോധിച്ചതിൻ പ്രകാരം 2016-17 സാമ്പത്തിക വർഷത്തിൽ വാഹനത്തിന്റെ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയിട്ടില്ല. സ.ഉ.(എം.എസ്)170/07/ത.സ്വ.ഭ.വ 30.6.2007 പ്രകാരം ആറു മാസത്തിലൊരിക്കൽ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് സർക്കാരിന്റെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തി ഇന്ധന ഉപയോഗത്തെ സംബന്ധിച്ച് ഒരു സർട്ടിഫിക്കറ്റ് ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

## 3-2 പ്രോജക്റ്റ് എസ്.ഒ.021/17- മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്-രസീത്, വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു.

ചെലവ്- 10,00,000 രൂപ ബിൽ നമ്പർ 2/16-17 തിയ്യതി 21/1/17

നിർവ്വഹണം- സി.ഡി.പി.ഒ.

മേൽ പ്രോജക്റ്റ് പ്രകാരം "മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്" നല്കുന്നതിലേയ്ക്കായി 5 പഞ്ചായത്തുകൾക്ക് 10,00,000 രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി നൽകിയിട്ടുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

| | |
|---|---|
| വരന്തരപ്പിള്ളി | 2,25,000 |
| കൊടകര | 3,00,000 |
| അളഗപ്പനഗർ | 1,75,000 |
| തൃക്കൂർ | 1,50,000 |
| പുതുക്കാട് | 1,50,000 |
| ആകെ | 10,00,000 |

എന്നാൽ വരന്തരപ്പിള്ളി, കൊടകര, അളഗപ്പനഗർ, തൃക്കൂർ, പുതുക്കാട് എന്നീ പഞ്ചായത്തുകളിൽ നിന്ന് ഔദ്യോഗിക രസീത് ലഭ്യമാക്കിയിട്ടില്ല. വരന്തരപ്പിള്ളി, തൃക്കൂർ ഗ്രാമപഞ്ചായത്തിൽ നിന്നും ഈ തുകയുടെ വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല. ഇവ ലഭ്യമാക്കുന്ന വരെ 10,00,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി-4 തീയതി 29/6/17)

## 3-3 "ഓട്ടിസം പാർക്ക് " പ്രോജക്റ്റ് -ബ്ലോക്ക് പഞ്ചായത്തിന് കൈമാറി കിട്ടിയിട്ടില്ലാത്ത സ്ഥാപനത്തിനു വേണ്ടി പ്രോജക്റ്റ് -സർക്കാർ അനുമതി വാങ്ങണം.

എസ്.ഒ.039 - ഓട്ടിസം പാർക്ക്.

ചെലവ് - ബിൽ നമ്പർ 4/16-17 ,തീ.22/2/17 തുക . രൂ.75,425( Fidco Enterprises, Kozhikkode, Bill No.253 dt 8/2/17)

- ബിൽ നമ്പർ 6/2016-17 തീ. 30/3/2017 തുക രൂ.5,000 (Parental counselling നടത്തിയവർക്ക് നല്കിയ തുക)

ആകെ ചെലവ് തുക – 80,425/-രൂപ

മേൽ പ്രോജക്റ്റ് പ്രകാരം ചെങ്ങാലൂർ സ്ഥിതി ചെയ്യുന്ന "ഓട്ടിസം പാർക്കി"ലേയ്ക്ക് ഫർണിച്ചറുകൾ വാങ്ങുന്നതിന് 75,425 രൂപയും "Parental counselling" നടത്തുന്നതിന് 5000 രൂപയും ഉൾപ്പെടെ 80,425 രൂപ പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ "ഓട്ടിസം പാർക്ക് "ബ്ലോക്ക് പഞ്ചായത്ത് സ്ഥാപനമോ, കൈമാറിക്കിട്ടിയ സ്ഥാപനമോ അല്ല എന്ന് കാണുന്നു. ഈ സ്ഥാപനത്തിനു വേണ്ടി വികസന ഫണ്ട് ഉപയോഗിക്കാൻ അനുവദിച്ചുകൊണ്ട് നിലവിൽ സർക്കാർ ഉത്തരവുകളൊന്നും ലഭ്യമല്ല എന്നും കാണുന്നു.

മാനസീക ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി ബ്ലോക്ക് പഞ്ചായത്തിൽ വേറെ സ്ഥാപനങ്ങളില്ല എന്നതുകൊണ്ട് ബഡ്സ് സ്കൂളിന് നൽകുന്ന പരിഗണന നൽകി ഈ സ്ഥാപനത്തിലെ കുട്ടികളുടെയും രക്ഷിതാക്കളുടെയും അവകാശ സംരക്ഷണം എന്ന നിലയിലാണ് പ്രോജക്റ്റ് നടപ്പാക്കിയത് എന്ന് ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നിർവ്വഹണോദ്യോഗസ്ഥ മറുപടി നൽകിയിട്ടുണ്ട്. 18/9/2016 ലെ 19 -ാം നമ്പർ തീരുമാനം അനുസരിച്ച് ഈ സ്ഥാപനത്തിലേയ്ക്ക് താത്കാലിക ജീവനക്കാരെ തെരെഞ്ഞെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചതായും കാണുന്നു. എന്നാൽ തുടർ നടപടികൾ ഉണ്ടായില്ല.

ഈ സ്ഥാപനത്തിന്റെ ഉടമസ്ഥത, നടത്തിപ്പ് എന്നിവയെ സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകൾ നിർവ്വചിച്ചു കൊണ്ട് സർക്കാരിൽ നിന്നും നിർദ്ദേശങ്ങൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും അതിന് വിധേയമായി ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് വിനിയോഗം നടത്തേണ്ടതുമാണ്.

## 3-4 സി.ഡി.പി.ഒ - സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങളുടെ വില ,സ്പെസിഫിക്കേഷൻ ,വാങ്ങിയ ബിൽ നമ്പർ എന്നിവ രേഖപ്പെടുത്തുന്നില്ല.

സി.ഡി.പി.ഒ സൂക്ഷിക്കുന്ന സ്റ്റോക്ക് രജിസ്റ്ററിലോ, സാധനങ്ങൾ കൈമാറ്റം ചെയ്ത് നല്കുന്ന അംഗൻവാടികൾ, തുടങ്ങിയ സ്ഥാപനങ്ങളോ സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങളുടെ വില, സ്പെസിഫിക്കേഷൻ, വാങ്ങിയ ബിൽ നമ്പർ എന്നിവ രേഖപ്പെടുത്തുന്നില്ല.

ഉദാഹരണത്തിന് പ്രോജക്റ്റ് നമ്പർ എസ്.ഒ 89/1, വനിത റിസോഴ്സ് സെന്ററിൽ കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്ന പ്രോജക്റ്റ് പ്രകാരം കമ്പ്യൂട്ടർ, പ്രിന്റർ, എൽ.സി.ഡി പ്രോജക്റ്റർ എന്നിവ വാങ്ങി 9 അംഗൻവാടികൾക്ക് വാങ്ങി നൽകുവാനായി 4,26,250 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സി.ഡി.പി.ഒ.യുടെ സ്റ്റോക്ക് രജിസ്റ്ററിലും, കൈപ്പറ്റിയ അംഗൻവാടികളുടെ സ്റ്റോക്ക് രജിസ്റ്ററിലും ഇവയുടെ എണ്ണം മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. സ്റ്റോക്ക് രജിസ്റ്ററിൽ മേൽപ്രകാരം രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കേണ്ടതാണ്.

## 3-5 ഡെപ്പോസിറ്റ് വർക്ക് - നിർവ്വഹണോദ്യഗസ്ഥൻ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം ഭൂജലവകുപ്പിന് തുക കൈമാറി.6,73,455 രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് – എസ്.ഒ.034/17- കുന്നത്തും പാടം എസ്.ടി കോളനി കുടിവെള്ള പദ്ധതി.

ബിൽ നമ്പർ – 47, തീയതി 30/3/17 – 6,73,455 രൂ.

നിർവ്വഹണം-സെക്രട്ടറി

മേൽ കുടിവെള്ള പദ്ധതി നടപ്പാക്കുന്നതിന് ടെണ്ടർ ചെയ്യുന്നതിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കോൺട്രാക്ടറുടെ ലാഭം, ഓവർഹെഡ് ചാർജ്ജ് എന്നിവ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി, ഇ-ടെണ്ടർ ക്ഷണിക്കുകയുണ്ടായി. എന്നാൽ ഇ-ടെണ്ടറിൽ ആരും പങ്കെടുക്കാത്തതിനാൽ പദ്ധതി ഡെപ്പോസിറ്റ് വർക്ക് ആയി നടത്തുന്നതിന് തീരുമാനിക്കുകയും ഡിസ്ട്രിക്ട് ഓഫീസർ ഭൂജലവകുപ്പിന് ഡെപ്പോസിറ്റ് ആയി 6,73,455 രൂപ മേൽ പ്രകാരം നൽകിയിട്ടുമുണ്ട്. ഇപ്രകാരം തുക നൽകിയതിൽ താഴെ പറയുന്ന അപാകതകൾ ഉണ്ട്.

എ) ഈ പദ്ധതി ടെണ്ടർ മുഖേന നടപ്പാക്കുന്നതിന് ഇ ടെണ്ടർ ക്ഷണിച്ചെങ്കിലും ആരും ടെണ്ടറിൽ പങ്കെടുക്കുകയുണ്ടായില്ല എന്ന് ഫയലിൽ നിന്നും മനസ്സിലാക്കുന്നു.

എന്നാൽ ഫിനാൻസ് ബിഡ് ഓപ്പണിംങ് സമ്മറി, ഇ-ടെണ്ടർ സൈറ്റിൽ നിന്നും ലഭ്യമാക്കി ഫയലിൽ സൂക്ഷിക്കുകയോ ഓഡിറ്റിന് ഹാജരാക്കുകയോ ചെയ്തിട്ടില്ല.

ബി) ഈ തുക കൈപ്പറ്റിയതിന് ഭൂജല വകുപ്പിൽ നിന്നും രസീത് ഹാജരാക്കിയിട്ടില്ല.

സി) സർക്കാർ ഉത്തരവ് 4/2016 തീയതി 11/01/2017ഖണ്ഡിക X(ബി, സി) പ്രകാരം ഡെപ്പോസിറ്റ് വർക്ക് ചെയ്യുന്നതിന് നിർവ്വഹണ ഏജൻസിയിൽ നിന്നും എസ്റ്റിമേറ്റ്, സാങ്കേതികാനുമതി എന്നിവ ലഭ്യമാക്കിയ ശേഷം തുക ഡെപ്പോസിറ്റ് ചെയ്യുന്നതിന് പകരം ബ്ലോക്ക് പഞ്ചായത്ത് ടെണ്ടർ ക്ഷണിക്കുന്നതിന് കരാറുകാരുടെ ലാഭം, ഓവർഹെഡ് ചാർജുകൾ എന്നിവ ഉൾപ്പെടുത്തി തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുക ഭൂജല വകുപ്പിന് നൽകുകയുണ്ടായി.

ഡി)ഭൂജല വകുപ്പ് DGT/2358/16 തീ 28/12/2016 പ്രകാരം കുഴൽ കിണർ കുഴിക്കുന്നതിനുള്ള 38,590/- രൂപയുടെ എസ്റ്റിമേറ്റ് മാത്രമേ നൽകിയിട്ടുള്ളൂ. എന്നാൽ ബോർവെൽ പണിയുന്നതിനും, ഓവർഹെഡ് വാട്ടർ ടാങ്ക് പണിയുന്നതിനും 180 മീ. നീളം പൈപ്പ് ലെയിങ്, പൈപ്പ് കണക്ഷന് ആവശ്യമായ ഇലക്ട്രിഫിക്കേഷൻ പ്രവർത്തനങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള എസ്റ്റിമേറ്റ് തുകയാണ് ഭൂജല വകുപ്പിന് നൽകിയിട്ടുള്ളത്.

ഇ)ഭൂജല വകുപ്പുമായി ഇത് സംബന്ധിച്ച് ഏർപ്പെട്ടിട്ടുള്ള കരാറിൽ ഈ വർക്കുമായി ബന്ധപ്പെട്ട് നൽകിയ തുക, പൂർത്തീകരിക്കേണ്ട തീയ്യതി, ഏത് എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി തുടങ്ങി, യാതൊരു വിശദാംശങ്ങളും ഉൾക്കൊള്ളിച്ചിട്ടില്ല. (കരാർ തീയതി 27/3/2017). പൊതുകുടിവെള്ള പദ്ധതികളുടെ അറ്റകുറ്റ പണികൾക്കുള്ള പൊതുവായ ഒരു കരാർ മാത്രമാണ് തയ്യാറാക്കിയതെന്ന് കാണുന്നു.

എഫ്) 30/3/2017 ന് നൽകിയ ഈ തുക സാമ്പത്തിക വർഷാവസാനം ചെലവഴിക്കാത്തതിനാൽ, വാർഷിക കണക്കിൽ ഈ തുക "Deposit and Advance" എന്ന ശീർഷകത്തിൽ ആസ്തിയായി രേഖപ്പെടുത്താതെ, മുൻകൂർ നൽകിയപ്പോൾ തന്നെ "251202503 Drinking water-Public-TSP" എന്ന ചെലവ് ശീർഷകത്തിൽ ചെലവായി രേഖപ്പെടുത്തിയിരിക്കുന്നു. ഫൈനൽ ബിൽ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുന്നതിന് മുമ്പ് തുക ചെലവായി രേഖപ്പെടുത്തിയത് ശരിയല്ല.

ഇതിന് ബ്ലോക്ക് പഞ്ചായത്ത് നൽകിയ മറുപടിയിൽ ഭൂഗർഭ ജല വകുപ്പ് നൽകുന്ന എസ്റ്റിമേറ്റ് പ്രകാരം പണി നടത്തുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. മേൽ അപാകതകൾ പരിഹരിക്കുന്നത് വരെ ചെലവ് തുകയായ 6,73,455 രൂപ തടസ്സപ്പെടുത്തുന്നു.

## 3-6 സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകൾ-കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല- 10,68,267 രൂപ തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകളിൽ താഴെ ചേർത്തിരിക്കുന്ന ചെലവുകൾക്ക് കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല.

| പ്രോജക്ട് നമ്പർ | പ്രോജക്ട് | ബിൽ നമ്പർ | തുക | റിമാർക്സ് |
|---|---|---|---|---|
| എസ്.ഒ.091/17 | സാമൂഹ്യ ക്ഷേമ സുരക്ഷ മിഷൻ സംഭാവന | 41 തീ 23/3/17 | 10,00,000/-രൂപ | |
| എസ്.ഒ.013/17 | ഐ.കെ.എം ടെക്നിക്കൽ അസിസ്റ്റൻസ്. . | 7 തീയതി 27/9/16 | 42,307 രൂപ | |
| എസ്.ഒ.01/17- | പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിങ് | 11 തീയതി- 26/1/2017, 21,770/-രൂപ<br>36 തീയതി 17/3/2017- 29,734/- രൂപ | 14080 രൂ<br>11880 രൂ | മാതൃഭൂമി, ജനയുഗം എന്നീ പത്രങ്ങൾക്ക് ഓൺലൈൻ ആയി നൽകിയ തുക. |
| | | | 10,68,267/-രൂ. | |

രസീതുകൾ ഹാജരാക്കുന്നതു വരെ 10,68,267 രൂപ തടസ്സപ്പെടുത്തുന്നു.

## 3-7 ഐ.എ.വൈ / പി.എം.എ.വൈ. ഭവന പദ്ധതി- നിലവിലെ സ്ഥിതി- അവലോകനം

ഐ.എ.വൈ/പി.എം.എ.വൈ ഭവന പദ്ധതി പ്രകാരം വീട് പണി പൂർത്തീകരിക്കുവാൻ ബാക്കിയുള്ളവരുടെ എണ്ണം ചുവടെ ചേർക്കുന്നു.

| 2016-17 ൽ ലക്ഷ്യം വച്ച വീടുകളുടെ എണ്ണം | | | 2016-17 ൽ കരാറിൽ ഏർപ്പെട്ടവരുടെ എണ്ണം | | | 2016-17ൽ കരാറിൽ ഏർപ്പെട്ടതും 2016-17ൽ പൂർത്തിയാക്കിയതുമായ വീടുകളുടെ എണ്ണം | | | 2016-17ൽ കരാറിൽ ഏർപ്പെട്ടവയിൽ പൂർത്തിയാക്കാൻ അവശേഷിക്കുന്ന വീടുകളുടെ എണ്ണം | | | മുൻവർഷങ്ങളിൽ കരാറിൽ ഏർപ്പെട്ടവയിൽ 31/3/16 ൽ പൂർത്തീകരിക്കാൻ അവശേഷിക്കുന്നവയുടെ എണ്ണം | | | മുൻവർഷങ്ങളിൽ കരാറിൽ ഏർപ്പെട്ട വയിൽ 2016-17ൽ പൂർത്തീകരിച്ച വീടുകളുടെ എണ്ണം | | | 31/3/17 ൽ പൂർത്തീകരിക്കാൻ അവശേഷിക്കുന്ന വീടുകളുടെ ആകെ എണ്ണം | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | | | 2 | | | 3 | | | 4 | | | 5 | | | 6 | | | 7 | | |
| GEN | SC | ST | GEN | SC | ST | GEN | SC | ST | GEN | SC | ST | GEN | SC | ST | GEN | SC | ST | GEN | SC | ST |
| 109 | 148 | 18 | 39 | 15 | 0 | 0 | 0 | 0 | 39 | 15 | 0 | 46 | 135 | 18 | 39 | 92 | 7 | 46 | 58 | 11 |

അവശേഷിക്കുന്ന വീടുകൾ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-8 സി.എച്ച്.സി മറ്റത്തൂർ, കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് പദ്ധതിപ്പണം കൈമാറി. മരുന്ന്, ഉപകരണങ്ങൾ എന്നിവ ലഭിച്ചിട്ടില്ല.

മെഡിക്കൽ ഓഫീസർ, മറ്റത്തൂർ പി.എച്ച്.സി. താഴെ ചേർക്കും പ്രകാരം മൂന്ന് പദ്ധതികളാണ് നടപ്പാക്കിയത്. ഈ പ്രവൃത്തികളിലെല്ലാം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ പഞ്ചാബ് നാഷണൽ ബാങ്കിന്റെ തിരുവനന്തപുരം മെഡിക്കൽ കോളേജ് ബ്രാഞ്ചിലുള്ള 3624001800000019 നമ്പർ അക്കൗണ്ടിലേക്ക് പദ്ധതിപ്പണം കൈമാറിയിട്ടുണ്ട്. എന്നാൽ ഓർഡർ ചെയ്ത ഒരിനവും നാളിതു വരെ സ്ഥാപനത്തിന് ലഭിച്ചിട്ടില്ല. പ്രോജക്ടുകൊണ്ട് ഉദ്ദേശിച്ച ഫലം ലഭ്യമാകാത്തതിനാൽ 10,57,896/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | കൈമാറിയ തുക | കുറിപ്പുകൾ |
|---|---|---|---|
| So37/17 | ആശുപത്രികളിലേക്ക് മരുന്ന് | 500000 | ബിൽനമ്പർ.1/16-17 Dt. 25/01/17 |
| S0082/17 | മറ്റത്തൂർ CHCയിലേക്ക് ഉപകരണങ്ങൾ വാങ്ങൽ (സെൻട്രിഫ്യൂജ്, സെമി ആട്ടോ അനലൈസർ, ഹീമറ്റോളജി അനലൈസർ, ബി.പി.അപ്പരേറ്റസ്) | 330013 | ബിൽനമ്പർ. 3/16-17 Dt.28/02/17 ആകെ ബിൽ തുകയിൽ 34,500/- രൂപയുടെ ചെലവ് പരിശോധിച്ചു. |
| S0083/17 | താലൂക്ക് ആശുപത്രികളിലേക്ക് മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ | 227883 | ബിൽ നമ്പർ.2/16-17. Dt. 28/02/17 |
| | ആകെ | 10,57,896 | |

## 3-9 ഇ-ടെൻഡർ ഫോറം വില ലഭിച്ചിട്ടില്ല.

കൊടകര ബ്ലോക്ക് പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗം 2015-16, 2016-17വർഷങ്ങളിലായി വിളിച്ച ടെൻഡറുകളിലായി താഴെ ചേർക്കും പ്രകാരം എണ്ണം ഇ-ടെൻഡറുകൾ സമർപ്പിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ടെൻഡർ ഫോമുകളുടെ വില എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ചിട്ടില്ല.

ഇ-ടെൻഡർ രജിസ്റ്റർ പരിശോധിച്ചതിൽ തുക കണക്കാക്കി രേഖപ്പെടുത്തിയിട്ടില്ല. ടെൻഡർ ഫോറം വില തിരികെ ലഭിക്കാൻ നടപടി എടുക്കേണ്ടതാണ്.

| ക്രമ നമ്പർ | വർഷം | സമർപ്പിക്കപ്പെട്ട ടെൻഡറുകളുടെ എണ്ണം |
|---|---|---|
| 1 | 2015-16 | 87 |
| 2 | 2016-17 | 80 |

## 3-10 ഐക്കര കുന്ന് ലിഫ്റ്റ് ഇറിഗേഷൻ. കരാർ ചമയ്ക്കാൻ വൈകി-നിയമാനുസൃതം പിഴ ഈടാക്കിയില്ല- ഗുണഭോക്തൃവിഹിതം കൈമാറിയതിന് ആധികാരികമായ രേഖകളില്ല- 56,000 രൂപയുടെ ചെലവ് നടപടി തടസ്സപ്പെടുത്തുന്നു.

ചെക്ക് നമ്പർ, തിയ്യതി തുക – 2024039/19-04-2017 – 56,000/-രൂപ

പ്രോജക്ട് നമ്പർ- 5/16-17

സെലക്ഷൻ നോട്ടീസ് നമ്പർ - ഡി1-ടെൻഡർ/2015-16

ബിൽ നമ്പർ – 8/16-17 തിയ്യതി.30.03.2017

ബിൽ തുക – 4,98,720/-

എം.ബി - 13/16-17

കരാറുകാരൻ - ശ്രീന.പി

എഗ്രീഡ് പി.എ.സി. – 556000/-

2012 ലെ കേരള പൊതുമരാമത്ത് മാനവൽ ഖണ്ഡിക 2009.6 പ്രകാരം കരാറുകാരൻ സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം കരാർ ചമയ്ക്കാതിരുന്നാൽ പിഴയോടു കൂടി 10 ദിവസം അനുവദിക്കാവുന്നതാണ്. പിന്നെയും കരാർ ചമയ്ക്കാത്ത പക്ഷം ഇ.എം.ഡി കണ്ടു കെട്ടി കരാർ റദ്ദാക്കണം. ഈ പ്രവൃത്തിയിൽ 21-9-15 ന് സെലക്ഷൻ നോട്ടീസ് നൽകിയിട്ടും കരാർ ചമയ്ക്കുന്നത് പിഴയൊന്നും കൂടാതെ 03-04-2016 നാണ്. ഇക്കാര്യത്തിൽ നിയമാനുസൃതമായ നടപടികൾ നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിച്ചിട്ടില്ലാത്തതിനാൽ എഗ്രീഡ് പി.എ.സി.യുടെ 1% പിഴയായി ചുമത്തേണ്ട തുക 5560 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ജാഗ്രതയോടെയല്ല തയ്യാറാക്കിയത് എന്ന് കാണുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ റോഡ് കട്ടിംഗ് ചാർജ് ഉൾപ്പെടുത്താത്തതിനെ തുടർന്ന് തനതുഫണ്ടിൽ നിന്നും 42,263/- രൂപ റോഡ് കട്ടിംഗ് ചാർജ് ഇനത്തിൽ അടക്കേണ്ടി വന്നു. ഇതിന് മതിയായ ഒരു കാരണം ഫയലിൽ ചേർത്തിട്ടില്ല.

ഗുണഭോക്തൃവിഹിതം 56,000/- രൂപ ബ്ലോക്ക് പഞ്ചായത്ത് ചെക്ക് മുഖാന്തിരം (ചെക്ക് നമ്പർ. 2024039/19-04-2017) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കൈമാറിയതായി കാണുന്നു. എന്നാൽ ഈ തുക കരാറുകാരന് കൈമാറിയതായി ഫയലിലോ, എം ബുക്കിലോ ആധികാരികമായി രേഖകളില്ല. കൃത്യമായ ചെലവു രേഖകളുടെ അഭാവത്തിൽ 56,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ. 2/28-6-17)

## 3-11 കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ മെയിന്റനൻസ് -എസ്റ്റിമേറ്റ് റിപ്പോർട്ടിൽ അവ്യക്തത-ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയില്ല. 737531 രൂപയുടെ ചെലവു തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ. S0004/17

പേര്- കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ മെയിന്റനൻസ്

ബിൽ നമ്പർ- 3/2016-17 തിയ്യതി 25-11-2016

തുക- 7,37,531

എഗ്രിമെന്റ് തിയ്യതി. 04-03-2016

എം.ബുക്ക്.നമ്പർ-16/15-16, 74/15-16

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ മെയിന്റനൻസ് എന്ന ഈ പ്രവർത്തിയിൽ ആകെ 7,37,531 രൂപയുടെ പ്രവൃത്തി അരവിന്ദാക്ഷൻ എന്ന കരാറുകാരന് കൈമാറിയിട്ടുണ്ട്. ഫയൽ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രോജക്ടിലോ, എസ്റ്റിമേറ്റ് റിപ്പോർട്ടിലോ, എം ബുക്കിലോ, ഈ പ്രവൃത്തി ഏതൊക്കെ സ്ഥാപനങ്ങളിൽ എന്തിനായി ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കിയിട്ടില്ല. ഫയൽ പ്രകാരം പ്രവൃത്തി പരിശോധിക്കുന്ന ഏതൊരാൾക്കും ഇത് സംബന്ധിച്ചുള്ള യാതൊരു വ്യക്തതയും ലഭ്യമല്ല. ഇത്രയും തുക ചെലവിട്ട് നടത്തിയ പ്രവൃത്തിയിൽ ഇതു സംബന്ധിച്ച് വ്യക്തത വരുത്തണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി സമർപ്പിച്ചിട്ടില്ല. ഇക്കാരണങ്ങളാൽ പദ്ധതിക്കായി ആകെ ചെലവിട്ട 7,37,531 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
(എൻക്വയറി നമ്പർ. 5/28-6-17)

## 3-12 എഞ്ചിനീയറിംഗ് വിഭാഗം പദ്ധതി നടത്തിപ്പിൽ ഗണ്യമായ കുറവ്

2016-17 വർഷം എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പദ്ധതി നടത്തിപ്പിൽ ഗണ്യമായ കുറവു വന്നതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു. പദ്ധതി വിഹിതം ചെലവിടുന്നതിലെ കുറവ് വിശദീകരിക്കപ്പെടേണ്ടതാണ്.

| വർഷം | ആകെ | നടപ്പിലാക്കിയ | ആകെ | ആകെ | ചെലവു |
|---|---|---|---|---|---|

| | നടപ്പാക്കാനുദ്ദേശിച്ച പദ്ധതികൾ | പദ്ധതികൾ | വകയിരുത്തിയ തുക | ചെലവിട്ട തുക | ശതമാനം |
|---|---|---|---|---|---|
| 2016-17 | 43 | 11 | 28540494 | 5538287 | 19.4 |

## 3-13 മുത്തുമല ലിഫ്റ്റ് ഇറിഗേഷൻ പ്രവൃത്തി-41,346 രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല- 2,84,603 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

എം.ബി.നമ്പർ- 15/16-17

ബിൽ നമ്പർ- 9/16-17 തിയ്യതി 30-03-2017

ബിൽ തുക- 289732 പദ്ധതി വിഹിതം + 36217 രൂപ ഗുണഭോക്തൃവിഹിതം
അടങ്കൽ- 7,22,500/-

മുത്തുമല ലിഫ്റ്റ് ഇറിഗേഷനുമായി ബന്ധപ്പെട്ട പ്രധാന ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1.ഈ പ്രവൃത്തിയിൽ എഗ്രിമെന്റ് പ്രകാരമുള്ള ഏഴ് പ്രവൃത്തികളിൽ ഐറ്റം നമ്പർ മൂന്ന് പ്രകാരമുള്ള മീറ്ററൊന്നിന് 1378.22 രൂപ നിരക്കിൽ supplying and fixing 150 mm dia GI pipe 236.5 മീറ്റർ പ്രവൃത്തിയാണ് നടന്നിട്ടുള്ളതായി ബില്ലിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ കോൺട്രാക്ടർ ഇറക്കിയ ആറ് ഇഞ്ച് പൈപ്പുകളിൽ സെറ്റ് ചെയ്യാത്ത ആറെണ്ണം ഏറ്റെടുക്കുന്നതായി കർഷക സമിതി ഭാരവാഹികളായ ശ്രീ.ബൈജു.വി.ആർ, മണിലാൽ എന്നിവർ ഒപ്പിട്ട പ്രസ്താവന ഫയലിൽ ചേർത്തിരിക്കുന്നു. ആയതു പ്രകാരം ഈ പ്രവൃത്തിക്കായി കോൺട്രാക്ടർക്ക് പണം നൽകിയ മുഴുവൻ പണിയും നടന്നിട്ടുണ്ടോ എന്ന് വ്യക്തമല്ല. ഇതു സംബന്ധിച്ച എൻക്വയറിക്ക് മറുപടി സമർപ്പിക്കാത്തതിനാൽ അഞ്ച് മീറ്റർ വെച്ച് ആറു പൈപ്പിന്റെ വില 30 മീറ്ററിന് 41,346 രൂപയുടെ ചിലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

2.ഇലക്ട്രിക്കൽ പണികളുടെ എസ്റ്റിമേറ്റ് ഒരു ഏജൻസിയും എടുത്തതായി കാണുന്നില്ല. ആയതു സംബന്ധിച്ച് ഒരു തുടർപ്രവർത്തനവും ഫയൽ പ്രകാരം കാണുന്നില്ല. ആയതിനാൽ പദ്ധതി ഇപ്പോൾ പ്രവർത്തിച്ചു വരുന്നില്ല എന്ന് വിലയിരുത്താവുന്നതാണ്.

3. കിണർ, ജലലഭ്യത എന്നിവയെക്കുറിച്ച് വ്യക്തമായ ധാരണയില്ലാതെയാണ് പ്രോജക്ട് രൂപീകരിച്ചത് എന്ന് കാണുന്നു. തുടക്കത്തിൽ വരന്തരപ്പിള്ളി പഞ്ചായത്തിലെ ഒരു ബോർവെല്ലിൽ നിന്നാണ് വെള്ളമെടുക്കുന്നതിന് നിശ്ചയിച്ചിരുന്നത്. എന്നാൽ പിന്നീട് അവിടെ വെള്ളം ലഭ്യമല്ലാത്തതിനെ തുടർന്ന് തൃശ്ശൂർ ഇറിഗേഷൻ സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർ 20hp മോട്ടോർ ഉപയോഗിച്ച് കുറുമാലിപ്പുഴയിൽ നിന്നും വെള്ളമെടുക്കുന്നതിനായി 10-11-2016ൽ ജി.2-4939/16 പ്രകാരം അനുവാദം നൽകി. ഇതിനായി ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുമായി ചേർന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി എഗ്രിമെന്റ് വെച്ചിട്ടുണ്ട്. എന്നാൽ 18/03/2017 ന് ബ്ലോക്ക് പഞ്ചായത്തു കമ്മിറ്റി 20 hp യ്ക്ക് പകരം 40 hp മോട്ടോറാണ് വേണ്ടത് എന്ന് കാണിച്ച് റെസല്യൂഷൻ പാസ്സാക്കിയിട്ടുണ്ട്. നിലവിലെ എഗ്രിമെന്റിൽ നിന്ന് വ്യത്യസ്തമായി ഇത്തരമൊരു തീരുമാനമെടുക്കാനിടയായതിന്റെ കാരണം ഫയലിൽ വ്യക്തമല്ല.

4.ഗുണഭോക്തൃ വിഹിതം 72000/ രൂപ ബ്ലോക്ക് പഞ്ചായത്തിൽ അടച്ചിട്ടുണ്ട്. ചെക്ക് പ്രകാരം പൂർത്തീകരിച്ച പണിയുടെ 10% തുക 36,217 രൂപ (ചെക്ക്നമ്പർ.2024035/ 30-03-2017)അസിസ്റ്റന്റ് എഞ്ചിനീയർ ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ കോൺട്രാക്ടർക്ക് കൈമാറിയതായി ആധികാരികമായി രേഖപ്പെടുത്തിയിട്ടില്ല.

5.ബാക്കി നിൽക്കുന്ന ഗുണഭോക്തൃവിഹിതം 35,783 രൂപ എങ്ങിനെ സെറ്റിൽ ചെയ്യും എന്ന് വ്യക്തമാക്കേണ്ടതാണ്.

6.നിലവിൽ ഈ പ്രവൃത്തിയുടെ അവസ്ഥ എന്ത് എന്ന് ഫയലിൽ നിന്ന് വ്യക്തല്ലാത്തതിനാൽ ചെലവു തുക തടസ്സപ്പെടുത്താതിരിക്കാൻ മതിയായ കാരണമുണ്ടെങ്കിൽ ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ് എന്ന് നൽകിയ എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ നിരാകരിച്ച തുക കഴിച്ച് ആകെ 2,84,603 രൂപയുടെ ചെലവു നടപടി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ. 3/28-6-17)

## 3-14 പുതുക്കാട് വാർഡ് 7 കുടിവെള്ള പദ്ധതി- ഫിനാൻസ് ബിഡ് ഓപ്പണിംഗ് സമ്മറി ഹാജരാക്കേണ്ടതാണ്.

പ്രോജക്ട് നമ്പർ-18/16-17

അടങ്കൽ തുക- 5 ലക്ഷം

ടെൻഡർ റഫറൻസ് നമ്പർ-33/AEE/LSGD/KDA/2015-16 DT. 14.09.2015

ബിഡ് ഓപ്പണിംഗ് തിയ്യതി- 26-09-2015

ബിൽ നമ്പർ-1/16-17

തുക- 491701

പദ്ധതി നടത്തിപ്പിനായി ആദ്യടെൻഡർ വിളിച്ചത് 14-09-2015നാണ്. ടെൻഡർ തുറക്കുന്ന തിയ്യതി 26-09-15 ന് ആയിരുന്നു. എന്നാൽ ആരും ടെൻഡർ സമർപ്പിച്ചിട്ടില്ല എന്ന കാരണത്താൽ 37/RE/PL/AEE/LSGD/KDA/2015-16 തിയ്യതി 28-01-2016 റഫറൻസ് നമ്പറായി റീ ടെൻഡർ വിളിച്ചു. തുടർന്നും ആരും ടെൻഡർ സമർപ്പിക്കാത്തതിനാൽ D1/15-16 തിയ്യതി 19.02.2016 റഫറൻസ് നമ്പറിൽ ക്വട്ടേഷൻ വിളിക്കുകയും എസ്റ്റിമേറ്റ് നിരക്കിൽ അരവിന്ദാക്ഷൻ. എം.വി എന്ന കരാറുകാരന് പ്രവൃത്തി നടത്തിപ്പ് ഏൽപ്പിച്ചു നൽകുകയും ചെയ്തു. മേൽക്കാണിച്ച നടപടി ക്രമങ്ങളിൽ റീടെൻഡർ വിളിച്ചതിന്റെ ഫിനാൻസ് ബിഡ് ഓപ്പണിംഗ് സമ്മറി ഫയലിൽ കാണുകയുണ്ടായി. എന്നാൽ ആദ്യ ടെൻഡർ വിളിച്ചതിനു ശേഷമുള്ള ഫിനാൻസ് ബിഡ് ഓപ്പണിംഗ് സമ്മറി ഫയലിൽ സൂക്ഷിച്ചിട്ടില്ല എന്നു കാണുന്നു. ആദ്യ ടെൻഡറിൽ ആരും പങ്കെടുത്തിട്ടില്ല എന്ന വസ്തുത പരിശോധിക്കുവാനുള്ള ഏക തെളിവ് ഫിനാൻസ് ബിഡ്/ടെക്നിക്കൽ ബിഡ് ഓപ്പണിംഗ് സമ്മറി ആയിരിക്കെ പ്രസ്തുത രേഖ ഓഡിറ്റിന് ഹാജരാക്കാത്തത് ഓഡിറ്റിൽ ഗൗരവതരമായി വീക്ഷിക്കുന്നു. ഫിനാൻസ് ബിഡ് ഓപ്പണിംഗ് സമ്മറി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് | |
|---|---|---|---|---|---|---|
| ജില്ല പഞ്ചായത്ത് | 2016-17 | 88,73,187 | IAY ഭവനനിർമ്മാണം | 51,29,375 | 1,73,65,068 | മുന്നിരിപ്പ് 13206317<br>പലിശവരവ് 414939<br>13621256 |
| ഗ്രാമപഞ്ചായത്തുകൾ | 2016-17 | 85,54,000 | IAY ഭവനനിർമ്മാണം | 28,16,125 | 71,07,036 | മുന്നിരിപ്പ്- 1186116<br>പലിശവരവ് 183045<br>1369161 |
| കൊടകര ഗ്രാമ പഞ്ചായത്ത് | 2016-17 | 2,00,000 | വളയംകുളം എൽ.ഐ | - | 2,00,000 | |
| കൊടകര ഗ്രാമ പഞ്ചായത്ത് | 2016-17 | 2,00,000 | ഓട്ടിസം പാർക്ക് | - | 2,00,000 | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ (വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. ഖണ്ഡിക 3-5 (എഫ്) കൂടി കാണുക)

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂഗർഭ ജലവകുപ്പ് | കുന്നത്തുപാടം എസ്.ടി കോളനി കുടിവെള്ള പദ്ധതി | 21601198 തീയതി 30/3/2017 | 6,73,455 | - | 6,73,455 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു. (വാർഷിക കണക്കുകൾ പ്രകാരമുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു. ഖണ്ഡിക ..... കൂടി കാണുക)

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക നം | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന വായ്പ തിരിച്ചടവ് | 23628/ജെ.ആർ.വൈ1/13 /സി.ആർ ഡി, തിയ്യതി 26.11.2010 | 13500000 | 35,26,750 | 35,26,750 | 14,82,967 | ഇല്ല. |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്തവിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,85,02,619 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,63,57,840 |
| വരവിനങ്ങളിലുള്ള നഷ്ടം | 5,560 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 41,346 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 48,77,752 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ |
|---|---|---|

| നമ്പർ | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-10 | 5,560 | | ശ്രീമതി.ഗീതാകുമാരി സി.എസ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-13 | | 41,346 | ശ്രീ.ജോജിപോൾ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| | 5,560 | 41,436 | |

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 10,00,000 | ശ്രീമതി.ദേവി.എൻ, സി.ഡി.പി.ഒ |
| 3-5 | 6,73,455 | ശ്രീ.പി.ജി.കണ്ണൻനായർ, സെക്രട്ടറി |
| 3-6 | 10,68,267 | ശ്രീ.പി.ജി.കണ്ണൻനായർ, സെക്രട്ടറി-10,25,960<br><br>ശ്രീ.സിറിയക് .ടി.കുര്യാക്കോസ്-42,307 |
| 3-8 | 10,57,896 | എ.സി സരള, സൂപ്രണ്ട് , സി.എച്ച്.സി മറ്റത്തൂർ |
| 3-10 | 56,000 | ശ്രീ.ജോജി പോൾ,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-11 | 7,37,531 | ശ്രീമതി.ഗീതാകുമാരി സി.എസ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-13 | 2,84,603 | ശ്രീ.ജോജി പോൾ,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| | 48,77,752 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ഗീതാകുമാരി സി.എസ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൊടകര ബ്ലോക്ക് പഞ്ചായത്ത്(അവധി) | ചെല്ലിമലയിൽ വീട് ഇടയാറൻമുള പത്തനംതിട്ട |
| ശ്രീ.ജോജി പോൾ,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൊടകര ബ്ലോക്ക് പഞ്ചായത്ത്. | കാഞ്ഞുത്തറ ചാലക്കുടി പി.ഒ |

## 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈവകുപ്പിൽ നിന്നം പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96,96-97,97-98 | എൽ.എഫ്.ടി16-704/99തീയതി 22.3.99 |
| 98-99വരവ്-ചെലവ് | എൽ.എഫ്.ടി16-339/00തീയതി.2.6.00 |
| 1999-00പദ്ധതി വിഹിതം | എൽ .എഫ്. ടി9 -56/04/ തീയതി.11.03.04/7.7.04 |
| 1999-00 | എൽ.എഫ്.ടി21-2204/07തീയതി 21.11.06 |
| 2000-01 | എൽ.എഫ്.ടി21-2205/07തീയതി 21.11.06 |
| 01-02 | എൽ.എഫ്.ടി21-2206/07തീയതി21.11.06 |
| 02-03 | എൽ.എഫ്.ടി21- 2570/07തീയതി 21.02.09 |
| 03-04 | എൽ.എഫ്.ടി21-2571/07തീയതി21.02.09 |
| 04-05 | എൽ.എഫ്.ടി21-2624/07-തീയതി 21.02.09 |
| 05-06 | എൽ.എഫ്.ടി.21-2714/07തീയതി 21.02.09 |
| 06-07 | എൽ.എഫ്.ടി(ബി.പി) 537/11തീയതി 26.09.11 |
| 07-08 | എൽ.എഫ്.ടി(ബി.പി)538/11 തീയതി.26.09.11 |
| 08-09 | എൽ.എഫ്.ടി(ബി.പി)- 539/11തീയതി26.09.11 |
| 2009-10 | എൽ.എഫ്.ടി(ബി.പി)540/11തീയതി26.09.11 /8.12/11 |
| 2010--11 | എൽ.എഫ്.ടി(ബി.പി) 2236/12 /തീയതി15.2.13/5.6.13 |
| 2011-12 | എൽ.എഫ്.ടി(ബി.പി) 218/13തീയതി 15.04.13/3.8.13 |
| 2012-13 | എൽ.എഫ്.ടി(ബി.പി) 1365/14തീയതി.12.11.14/5.12.14 |
| 2013-14 | നം കെ.എസ്.എ.ടി.എസ്.ആർ (BP)368/15/ തിയ്യതി 09.07.15, 09.10.15 |
| 2014-15,2015-16 | നം കെ.എസ്.എ.ടി.എസ്.ആർ (BP2)642/17/ തിയ്യതി 18.05.2017 |

ജോയിന്റ് ഡയറക്ടർ.
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.